**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1041** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ഹയർ സെക്കണ്ടറി ജിയോഗ്രഫി ടീച്ചർ റാങ്ക് ലിസ്റ്റ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പി. എസ്. സി. യുടെ കാറ്റഗറി നം. 736/2021 പ്രകാരമുള്ള ഹയർസെക്കണ്ടറി ജിയോഗ്രഫി (ജൂനിയർ) ടീച്ചർ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്; ഇതിൽ നിന്നും എത്ര പേരെ ഇതിനകം നിയമിച്ചു; വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കാറ്റഗറി നം. 736/2021 പ്രകാരമുള്ള ഹയർ സെക്കണ്ടറി ജിയോഗ്രഫി (ജൂനിയർ) ടീച്ചർ തസ്തികയുടെ റാങ്ക് ലിസ്റ്റ് 20.10.2023-നാണ് നിലവിൽ വന്നത്. ഇതിൽ നിന്നും ഇതുവരെ 18 അധ്യാപകരെ സംസ്ഥാനത്തെ വിവിധ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്.

**(ബി)** ഹയർ സെക്കണ്ടറി ജിയോഗ്രഫി (സീനിയർ) ടീച്ചർ തസ്തികയിൽ നിന്നും 2025-2026 അദ്ധ്യയന വർഷം എത്ര പേർ വിരമിച്ചു; വിരമിച്ച ഒഴിവിലേക്ക് ജിയോഗ്രഫി (ജൂനിയർ) ടീച്ചർമാരെ പ്രമോഷൻ നൽകി നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഹയർ സെക്കൻഡറി ജിയോഗ്രഫി (സീനിയർ) ടീച്ചർ തസ്തികയിൽ നിന്നും 2025-2026 അധ്യയന വർഷം 6 പേർ വിരമിച്ചിട്ടുണ്ട്. ഈ ഒഴിവുകളിലേയ്ക്ക് 29.05.2026 തീയതിയിലെ HSE/8895/2026-Ad B1 നമ്പർ ഉത്തരവ് പ്രകാരം ഹയർ സെക്കൻഡറി ജിയോഗ്രഫി (ജൂനിയർ) തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നല്കി ഉത്തരവായിട്ടുണ്ട്. ഇപ്രകാരം ഹയർ സെക്കൻഡറി ജിയോഗ്രഫി (ജൂനിയർ) തസ്തികയിൽ ഉണ്ടായ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ആയതിലേക്ക് പി.എസ്.സി. നിയമന ശിപാർശ നൽകുന്ന മുറയ്ക്ക് നിയമന ഉത്തരവ് നല്കാവുന്നതാണ്.

**(സി)** ഒഴിവുള്ള ഹയർ സെക്കണ്ടറി ടീച്ചർ ജിയോഗ്രഫി (സീനിയർ) തസ്തികയിലേക്ക് ഹയർ സെക്കണ്ടറി ടീച്ചർ ജിയോഗ്രഫി (ജൂനിയർ) തസ്തികയിൽ നിന്നും പ്രമോഷൻ നൽകി നിയമിക്കുന്നതുമൂലം വരുന്ന ഒഴിവിലേക്ക് പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും എന്നത്തേക്ക് നിയമനം നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**